**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5812** **08-07-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാലയ പരിസരത്തെ ലഹരി വില്പന തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാലയ പരിസരത്ത് ലഹരി വസ്തുക്കൾ വിൽക്കുന്നവരെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | വിദ്യാലയ പരിസരത്ത് ലഹരി വില്പന തടയുന്നതിനു വേണ്ടി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾ, കോളേജ് പരിസരങ്ങളിലും കടകളിലും ലഹരി മരുന്നുകൾ, പുകയില ഉത്പന്നങ്ങൾ, ലഹരി അടങ്ങിയ ഭക്ഷ്യവസ്തുക്കൾ എന്നിവ കണ്ടെത്തുന്നതിനായി ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുകയും, ലഹരി ഉപയോഗിച്ചതായി കണ്ടെത്തിയാൽ അത്തരക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ബന്ധപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥർ സ്കൂളുകൾ സന്ദർശിച്ച് കുട്ടികൾ ലഹരി ഉപയോഗിക്കുവാൻ സാധ്യതയുള്ള ഉപയോഗശൂന്യമായ ബാത്ത് റൂമുകൾ, മറ്റ് കെട്ടിടങ്ങൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മറഞ്ഞിരിക്കുവാൻ കഴിയുന്ന സ്ഥലങ്ങൾ എന്നിവ കണ്ടെത്തി ആയത് സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയും, സ്കൂൾ പരിസരത്തെ കടകളിൽ ലഹരി പദാർത്ഥങ്ങൾ വിൽക്കുന്നതായി കണ്ടെത്തിയാൽ പ്രസ്തുത കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കത്ത് നല്കുകയും ചെയ്ത് വരുന്നു. സ്കൂൾ തുടങ്ങുന്നതിന് അര മണിക്കൂർ മുമ്പും സ്കൂൾ സമയം അവസാനിച്ചതിനുശേഷം അരമണിക്കൂറും സ്കൂൾ പരിസരങ്ങളിൽ മഫ്ടി പട്രോളിംഗും, ബൈക്ക് പട്രോളിംഗും നടത്തി വരുന്നുണ്ട്.<br><br>ലഹരി ഉപയോഗവും ലഹരി വില്പനയും തടയുന്നതിനായി എക്സൈസ് വകുപ്പിനെ ബന്ധപ്പെടുന്നതിന് 9656178000, 9447178000, 906178000 എന്നീ ഫോൺ നമ്പരുകൾ ഉണ്ട്. ഈ നമ്പറുകളിൽ ലഭിക്കുന്ന വിവരം ഫീൽഡ് |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർക്ക് കൈമാറി സത്വര നടപടികൾ സ്വീകരിയ്ക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാലയ പരിസരത്ത് ലഹരി ഇടപാട്ടുകൾ നടത്തിയ എത്ര പേർക്ക് എതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിദ്യാലയ പരിസരത്ത് ലഹരി ഇടപാട്ടുകൾ നടത്തിയവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

| ഡിവിഷൻ | അബ്കാരി | | എൻ.ഡി.പി.എസ് | | COPTA | |
|---|---|---|---|---|---|---|
| | കേസുകളുടെ എണ്ണം | പ്രതികളുടെ എണ്ണം | കേസുകളുടെ എണ്ണം | പ്രതികളുടെ എണ്ണം | കേസുകളുടെ എണ്ണം | പ്രതികളുടെ എണ്ണം |
| തിരുവനന്തപുരം | 0 | 0 | 0 | 0 | 8103 | 8103 |
| കൊല്ലം | 6 | 6 | 3 | 5 | 11 | 11 |
| പത്തനംതിട്ട | 0 | 0 | 0 | 0 | 127 | 127 |
| ആലപ്പുഴ | 0 | 0 | 0 | 0 | 916 | 916 |
| കോട്ടയം | 0 | 0 | 4 | 4 | 165 | 165 |
| ഇടുക്കി | 0 | 0 | 0 | 0 | 0 | 0 |
| എറണാകുളം | 21 | 21 | 16 | 16 | 361 | 361 |
| തൃശ്ശൂർ | 0 | 0 | 0 | 0 | 344 | 337 |
| പാലക്കാട് | 0 | 0 | 1 | 1 | 158 | 158 |
| മലപ്പുറം | 0 | 0 | 0 | 0 | 0 | 0 |
| കോഴിക്കോട് | 0 | 0 | 3 | 3 | 1 | 1 |
| വയനാട് | 0 | 0 | 0 | 0 | 0 | 0 |
| കണ്ണൂർ | 0 | 0 | 0 | 0 | 22 | 22 |
| കാസർഗോഡ് | 0 | 0 | 0 | 0 | 0 | 0 |
| **ആകെ** | **27** | **27** | **27** | **29** | **10208** | **10201** |

സെക്ഷൻ ഓഫീസർ